## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. * 231 06.11.2019 -ൽ മറുപടിക്ക്

## അഭിരുചി കണ്ടെത്തി തൊഴിൽ ലഭ്യമാക്കാൻ സംവിധാനം

**ചോദ്യം**
ശ്രീ.വി.ആർ.സുനിൽ കുമാർ
ശ്രീ.കെ.രാജൻ
ശ്രീ.ആർ.രാമചന്ദ്രൻ
ശ്രീമതി.ഗീതാ ഗോപി

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ വിവിധ അസ്സസ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുന്നതിന് സംവിധാനമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | അത്തരത്തിൽ അസസ്സ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ/ തൊഴിലധിഷ്ഠിത പരിശീലനം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അത്തരത്തിൽ അസസ്സ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന സോഫ്റ്റ് സ്കിൽ പരിശീലനം നൽകുന്നുണ്ട്. |
| (സി) | ഇത്തരം ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ? | (സി) | ഇത്തരം ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന സ്വകാര്യ തൊഴിൽദായകരെ ഉൾപ്പെടുത്തി സൗജന്യമായി ജോബ് ഫെയറുകൾ, പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. 2019 ആഗസ്റ്റ് 31 അടിസ്ഥാനമാക്കി എംപ്ലോയബിലിറ്റി സെന്ററുകളിൽ 1,80,353 പേർ രജിസ്റ്റർ ചെയ്യുകയും പരിശീലനം നൽകിയ 1,18,685 ഉദ്യോഗാർത്ഥികളിൽ 52,284 പേർക്ക് സ്വകാര്യ മേഖലകളിലെ വിവിധ സ്ഥാപനങ്ങളിൽ ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ മുഖേന നാളിതുവരെയായി 1380 ജോബ് ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**